''എംപ്ലോയ്മെൻറ് ആഫീസുകളുടെയും ക്ഷേമനിധി വെൽഫെയർ ബോർഡ് ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം''

58 [2927] ശ്രീ. ടി. എം. ജേക്കബ്:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെൻറ് ആഫീസുകളുടെയും ക്ഷേമനിധി വെൽഫെയർ ബോർഡ് ആഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ;

(ബി) ഇതുവരെ ഈ വകുപ്പുകളിൽ എത്ര കമ്പ്യൂട്ടർ വാങ്ങി; ഏത് കമ്പനികളാണ് ഇവ സപ്ലൈ ചെയ്തത്; ഇത് ടെണ്ടർ ക്ഷണിച്ചിട്ടാണോ ചെയ്തത്; അതിൽ ലോവസ്റ്റ് ടെണ്ടറാണോ പരിഗണിച്ചത്; വിശദാംശം മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടർ വാങ്ങിയ രീതി വെളിപ്പെടുത്താമോ; ഇതിനും കമ്പ്യൂട്ടർ വാങ്ങിയതിനു എത്ര തുക ചെലവഴിച്ചു;

(ഡി) കമ്പ്യൂട്ടർ ഓപ്പറേറർമാരുടെ നിയമനം പി. എസ്. സി. വഴിയായിരുന്നോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്; കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പേര് വിവരവും ഓഫീസും പ്രസിദ്ധപ്പെടുത്തുമോ;

(എഫ്) ഇവരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. ഒന്നാം ഘട്ടമായി 2002-2003 സാമ്പത്തിക വർഷത്തിൽ പദ്ധതിവിഹിതമായി 50 ലക്ഷം രൂപ വിനിയോഗിച്ച്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും, തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും, തിരുവനന്തപുരത്തെ വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും ഉൾപ്പെടെ ഏഴ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും, എംപ്ലോയ്മെൻറ് ഡയറക്ടറേറും കമ്പ്യൂട്ടർവൽക്കരിച്ചു.

രണ്ടാം ഘട്ടമായി 2003-2004 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമായ 50 ലക്ഷം രൂപ ഉപയോഗിച്ച്, ആറ്റിങ്ങൽ, കഴക്കൂട്ടം, കിളിമാനൂർ, കാട്ടാക്കട, കടയ്ക്കൽ എന്നീ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും, കൊല്ലം ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും, കമ്പ്യൂട്ടർവൽക്കരിച്ചു. ഇപ്പോൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നതിനാൽ കെട്ടിടം മാറിക്കഴിഞ്ഞാലുടൻ പുനലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനുവേണ്ടി വാങ്ങിയ ഹാർഡ്വെയർ ഇൻസ്റ്റാൾ ചെയ്ത് അവിടെയും കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണ്. ഇപ്രകാരം രണ്ടാം ഘട്ടത്തിൽ കമ്പ്യൂട്ടറൈസ് ചെയ്യപ്പെടുന്ന ഓഫീസുകൾ ഏഴെണ്ണം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം ഘട്ടമായി, കൊല്ലം ജില്ലയിലെ അവശേഷിക്കുന്ന എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ എക്സ്ചേഞ്ചുകളും ഉൾപ്പെടെ 17 എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 2004-2005-ലെ പ്ലാൻ ഫണ്ടിൽ നിന്നും 125 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച നടപടികളും, പ്രസ്തുത വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി സർക്കാർ നിയമിച്ചിട്ടുള്ള കേന്ദ്ര സർക്കാർ ഏജൻസിയായ നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ സർവീസസ് ഇൻകോർപ്പറേറ്റഡ് (നിക്സി) എന്ന സ്ഥാപനവുമായി ചേർന്ന് പുരോഗമിച്ചുവരുന്നു.

നാലാംഘട്ട കമ്പ്യൂട്ടർവൽക്കരണത്തിനായി 2005-2006 വർഷത്തിൽ 180 ലക്ഷം രൂപ ചെലവിൽ ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ആറ് ജില്ലകളിലെ 24 എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചുവരുന്നു.

(ബി) ഘട്ടംഘട്ടമായുള്ള കമ്പ്യൂട്ടർവൽക്കരണമാണ് എംപ്ലോയ്മെൻറ് വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. ഒന്നും രണ്ടും ഘട്ടം കമ്പ്യൂട്ടർവൽക്കരണത്തോടനുബന്ധിച്ച് ആകെ 65 കമ്പ്യൂട്ടറുകളും ഈ വകുപ്പിൽ വാങ്ങിയിട്ടുണ്ട്. എംപ്ലോയ്മെൻറ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായ നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ സർവീസസ് ഇൻകോർപ്പറേറ്റഡ് (നിക്സി)-യെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. ഈ വകുപ്പ് നേരിട്ട് ടെണ്ടറുകളും ക്ഷണിക്കുകയോ, കമ്പ്യൂട്ടർ വാങ്ങുകയോ ചെയ്യുന്നില്ല. HCL കമ്പനിയുടെ കമ്പ്യൂട്ടറുകളാണ് നിക്സി മുഖാന്തിരം ഈ വകുപ്പിന് ലഭ്യമാക്കിയിരിക്കുന്നത്.

(സി) എംപ്ലോയ്മെൻറ് വകുപ്പിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി നിയമിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര സർക്കാർ ഏജൻസിയായ ''നിക്സി'' യാണ് കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നത്. ഈ വകുപ്പ് നേരിട്ട് കമ്പ്യൂട്ടർ വാങ്ങുന്നില്ല. ഫൈനൽ സ്റ്റേറ്റുമെൻറ് ഓഫ് എക്സ്പെൻഡിച്ചർ നിക്സിയിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചിലവഴിച്ച തുക സംബന്ധിച്ച വിവരം ഉടനെ ലഭ്യമല്ല. ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) എംപ്ലോയ്മെൻറ് വകുപ്പിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ നിയമിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ,എഫ്) എംപ്ലോയ്മെൻറ് വകുപ്പിനെ സംബന്ധിച്ച ചോദ്യം ബാധകമല്ല. ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ

59 [2928] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly